**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5287** **21-07-2022 - ൽ മറുപടിയ്ക്ക്**

**കേരള ഡിജിറ്റൽ സർവ്വകലാശാലയുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) കേരള ഡിജിറ്റൽ സർവ്വകലാശാലയിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്നും പ്രസ്തുത കോഴ്സുകളിൽ ഓരോന്നിലും എത്ര കുട്ടികൾക്കാണ് പ്രവേശനം നൽകുന്നതെന്നും വ്യക്തമാക്കുമോ;

(എ) കേരള ഡിജിറ്റൽ സർവ്വകലാശാലയിൽ നിലവിലുള്ള (2021 പ്രവേശനം) കോഴ്സുകളുടെയും സീറ്റുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കോഴ്സ് സ്പെഷ്യലൈസേഷൻ | സീറ്റുകളുടെ ആകെ എണ്ണം |
|---|---|---|
| 1. | M.Tech. Computer Science (Connected System, Artificial Intelligence, Cyber Security) | 90 |
| 2. | M.Tech. in Electronics Engineering | 60 |
| 3. | MSc in Computer Science & Engg. In Machine Intelligence | 45 |
| 4. | MSc in Cyber Security | 45 |
| 5. | MSc in Data Analytics | 45 |
| 6. | MSc in Geospatial Analytics | 45 |
| 7. | MSc in Ecological Informatics | 30 |
| 8. | Post Graduate Diploma in e-Governance | 30 |

ഇതിന് പുറമേ 2022 - അക്കാഡമിക വർഷം മുതൽ MBA കോഴ്സുകൾ (ആകെ സീറ്റുകൾ - 40) ആരംഭിക്കുന്നുണ്ട്.

(ബി) ഡിജിറ്റൽ സർവ്വകലാശാലയിൽ അനുവദിക്കപ്പെട്ട അദ്ധ്യാപക തസ്തികകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഡിജിറ്റൽ സർവ്വകലാശാലയിൽ 5 സ്കൂളുകളിലായി 49 തസ്തികകൾ സൃഷ്ടിക്കുന്നതിന് നിലവിലെ ബോർഡ് ഓഫ് ഗവേർണേഴ്സ് അംഗീകാരം നല്കിയിട്ടുണ്ട്.

| ക്രമനമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1. | പ്രൊഫസർ | 11 |
| 2. | അസോസിയേറ്റ് പ്രൊഫസർ | 6 |

| | | | |
|---|---|---|---|
| | | | 3. അസിസ്റ്റന്റ് പ്രൊഫസർ 32<br>**ആകെ 49** |
| (സി) | ഡിജിറ്റൽ സർവ്വകലാശാലയിൽ ആരംഭിച്ച എം.ബി.എ. കോഴ്സിലേക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | എം.ബി.എ കോഴ്സ് നിലവിലുള്ള സ്കൂൾ ഓഫ് ഡിജിറ്റൽ ഹ്യുമാനിറ്റീസ് ആന്റ് ലിബറൽ ആർട്സ് മുഖേനയാണ് നടത്തുന്നത്. പ്രസ്തുത സ്കൂളിൽ നിലവിൽ IIITMK യിൽ നിന്നും ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലേക്ക് അധിക ചുമതല നൽകിയ 2 അസിസ്റ്റന്റ് പ്രൊഫസർമാരും 1 പ്രൊഫസറും സേവനമനുഷ്ഠിച്ച് വരുന്നു. ഇതിന് പുറമേ ഒഴിവുള്ള 7 തസ്തികകളിലേയ്ക്ക് കൂടി റെഗുലർ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത കോഴ്സിലേക്ക് സ്ഥിരം അദ്ധ്യാപകരെയാണോ കോൺട്രാക്റ്റ് അദ്ധ്യാപകരെയാണോ നിയമിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | എം.ബി.എ കോഴ്സ് നിലവിലുള്ള സ്കൂൾ ഓഫ് ഡിജിറ്റൽ ഹ്യുമാനിറ്റീസ് ആന്റ് ലിബറൽ ആർട്സ് മുഖേനയാണ് നടത്തുന്നത്. പ്രസ്തുത സ്കൂളിൽ നിലവിൽ IIITMK യിൽ നിന്നും ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലേക്ക് അധിക ചുമതല നൽകിയ 2 അസിസ്റ്റന്റ് പ്രൊഫസർമാരും 1 പ്രൊഫസറും സേവനമനുഷ്ഠിച്ച് വരുന്നു. ഇതിന് പുറമേ ഒഴിവുള്ള 7 തസ്തികകളിലേയ്ക്ക് കൂടി റെഗുലർ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | ഡിജിറ്റൽ സർവ്വകലാശാലയ്ക്ക് യു.ജി.സി. അംഗീകാരം ലഭ്യമായിട്ടുണ്ടോ;വിശദാംശം നൽകുമോ? | (ഇ) | സർവകലാശാലയിലേക്ക് യു.ജി.സി. ആക്ട് 2(f) അനുസരിച്ചുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ